# 26

# കോപം

**റോമർ 5:6-11**

*"അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ, നാം അവനാൽ എത്ര അധികമായി, കോപത്തിൽ നിന്നു രക്ഷിക്കപ്പെടും" (റോമർ 5:9).*

ദൈവം എങ്ങനെയായിരിക്കണമെന്നു അവനോടു പറയുന്നത് ഏറ്റവും വലിയ പാപമാണ്. ദൈവത്തിനു കോപം ഇല്ല എന്നാണ് പുതിയ വ്യാഖ്യാനങ്ങൾ ഇപ്പോൾ പറയുന്നത്. ചിലർ പറയുന്നതു "അവനു വേദന മാത്രമെ ഉള്ളൂ," എന്നാണ്. എന്നാൽ അങ്ങനെയല്ല! പാപം ദൈവത്തെ വേദനിപ്പിക്കും, തീർച്ചയാണ്, എന്നാൽ അവനു കോപവുമുണ്ട്. അതു എബ്രായർ 10:26-31 ലും 12:28, 29 ലും പ്രകടമാക്കിയിട്ടുണ്ട്, അതു ബൈബിൾ ഉടനീളം പ്രദർശിപ്പിച്ചിട്ടുമുണ്ട്.

പരിശുദ്ധ ദൈവം കോപമുള്ള ദൈവമാണ്. "കോപം" എന്ന വാക്ക് തിരുവെഴുത്തിൽ 189 പ്രാവശ്യം കാണുന്നുണ്ട്. "കൃപ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ "കോപം" എന്ന വാക്ക് ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. ആളുകൾ ഇന്നു ആ വാക്കിൽ തൂങ്ങി കിടക്കും, എന്നാൽ കോപം ഇല്ലെങ്കിൽ കൃപയുടെ ആവശ്യം വരുന്നില്ല. ന്യായവിധിയെ ചെറുതായി കാണുക എന്നത് പാപത്തെ ചെറുതായി കാണുന്നതുപോലെയാണ്. ദൈവത്തിനു കോപമുണ്ട്, ക്രോധമുണ്ട്, വലിയ കോപം ഉണ്ട്, ഒരു കോപ ദിവസവുമുണ്ട്. സ്നേഹം കോപത്തെ ആവശ്യപ്പെടുന്നു, എന്നാൽ കോപം സ്നേഹത്താൽ ശമിക്കപ്പെടുന്നു. കോപവും സ്നേഹവും ഒരുമിച്ച് പോകും. അവയെ വേർപെടുത്തരുത്. സ്നേഹം കോപത്തെ ചുരുക്കുന്നു എന്നാൽ അതിനെ നശിപ്പിക്കുന്നില്ല. ദൈവം വാഗ്ദാനങ്ങൾ നല്കിയിട്ടുണ്ട്. ചിലതു ക്രിയാത്മകവും; മറ്റു ചിലതു നിഷേധാത്മകവുമാണ്. ദൈവം *രണ്ടും* നിറവേറ്റും!

യേശുവിനു കോപം ഉണ്ടായിരുന്നില്ല എന്നും, ക്രിസ്ത്യാനിത്വം *എല്ലാ* കോപത്തെയും ഖണ്ഡിക്കുന്നു എന്നും ആധുനിക വ്യാഖ്യാതാക്കൾ പറയുന്നു. സുവിശേഷ വിവരണങ്ങൾ വായിക്കുക. യേശുവിനു നീതിപൂർവ്വകമായ കോപം ഉണ്ടായിരുന്നു! യേശു ദൈവാലയത്തെ ശുദ്ധീകരിച്ചപ്പോൾ, അവൻ ചിരിക്കുകയും, ആനന്ദത്താലുള്ള പാട്ടുകൾ പാടുകയും ചെയ്തില്ല. നീതിയുള്ള ക്രോധമാണ് ദൈവത്തിന്റേതു. ആദാമിനോടും

ഹവ്വയോടും, നോഹയോടും, സോദോമിനോടും, ഗൊമോറയോടും, ബാബേലിനോടും, അനന്യാസിനോടും സഫീരയോടും ചോദിക്കുക![1] റോമാ ലേഖനം കൃപയെ പറ്റിയുള്ളതാണ്, എങ്കിലും കൂടുതലായി ദൈവത്തിന്റെ കോപത്തെ പറ്റി പറയുന്നു. ("കോപം" എന്ന വാക്ക് റോമാ ലേഖനത്തിൽ പന്ത്രണ്ടു പ്രാവശ്യം കാണുന്നുണ്ട്.) കൃപയുടെ ദൈവശ്വാസിയ കാര്യസ്ഥൻ ആയിരുന്ന പൗലൊസ് ഇരുപത്തി - ഒന്നു പ്രാവശ്യം "കോപം" എന്ന വാക്ക് തന്റെ ലേഖനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. പാപത്തിന്റെ കുറ്റത്തെ സംബന്ധിച്ചു ദൈവത്തിന്റെ ന്യായമായ കോപത്തെ കുറിച്ചു സൂചിപ്പിക്കുന്ന വാക്കായി "കോപം" എന്നതു മറ്റു വാക്കുകളേക്കാൾ കൂടുതൽ ഉപയോഗിച്ചിട്ടുണ്ട്.

**എന്തുകൊണ്ട്?**

കോപം എന്തുകൊണ്ട്? *പാപം!* ഉഗ്രകോപം കഠിനമാണ്, അത് നീതിയുള്ള ക്രോധമാണ്. ദൈവത്തിനു കോപിക്കുവാൻ കഴിയുമോ? "അവനായിരിക്കുന്നതിനേക്കാൾ *കൂടുതൽ* ദൈവം കോപിക്കാത്തതെന്തുകൊണ്ട്?" എന്നാണ് വാസ്തവത്തിൽ ചോദിക്കേണ്ടത്. എന്തുകൊണ്ടു ദൈവം നിങ്ങളെ വെച്ചേക്കുന്നു? അവന്റെ സ്ഥാനത്തു, നിങ്ങൾ ആയിരുന്നെങ്കിലോ? നാം ഇപ്പോഴും ജീവിച്ചിരിക്കുന്നതു എന്തുകൊണ്ട്? ദൈവം വെറുക്കുന്ന ഒന്നാണ് പാപം (സങ്കീർത്തനങ്ങൾ 119:104). നാം ഓരോ സമയത്തും പാപം ചെയ്യുമ്പോൾ, ദൈവം വെറുക്കുന്നതാണ് ചെയ്യുന്നത്. പാപം എന്നത് ദൈവത്തോടുള്ള ശത്രുതയാണ്, ലഹളയാണ്, അവനെ പരിഹസിക്കുന്നതാണ്. മനുഷ്യനു ദൈവം വിശ്വസിക്കുവാൻ പ്രയാസമായ ഒരു പ്രപഞ്ചം നല്കി. മനുഷ്യൻ അതിനെ പുച്ഛിക്കുന്നു. സാത്താൻ ദൈവത്തെ നുണയൻ എന്നു പറഞ്ഞിരിക്കുന്നു (ഉല്പത്തി 3:3-5), ഹവ്വ സാത്താനെ വിശ്വസിച്ചു. നാം പാപത്തിൽ ജീവിക്കുമ്പോൾ, ദൈവം വെറുക്കുന്നതിനെ, നാം നമ്മുടെ ജീവിതത്തിലേക്കു കൊണ്ടുവരുന്നു.

മനുഷ്യനെ സംബന്ധിച്ച്, കോപം ഒരു വികാരമാണ്; ദൈവത്തിനു, അതു ഒരു തത്വമാണ്. ഒരു പരിധിവരെ പാപം മനുഷ്യനെ എന്തു ചെയ്യുമെന്നു നമുക്ക് അറിയാം; അതു ദൈവത്തോടു ചെയ്തത് എന്താണെന്നുള്ളതിന് നമുക്ക് ഒരു സൂചനയുമില്ല. പ്രപഞ്ചത്തിൽ "മുഖ്യമായി - കഷ്ടതയേല്ക്കുന്നവൻ" ദൈവം ആണ്. പാപം യേശുവിനെ ക്രൂശിൽ തറെച്ചു. നീതിയുള്ള, കഠിനമായ കോപത്തിനു ദൈവത്തിനു കാരണമുണ്ട്! യേശുവിനെ ക്രൂശിൽ മരിപ്പാൻ അനുവദിക്കുവാൻ ദൈവത്തിനു കഴിഞ്ഞെങ്കിൽ, ക്രൂരമായ പാപികളോടു അവൻ എന്തു ചെയ്യുമെന്നു നമുക്കു ഊഹിക്കാം! തനിക്കു പ്രിയപ്പെട്ടതിനെ ഭീഷണിപ്പെടുത്തുന്ന അല്ലെങ്കിൽ നശിപ്പിക്കുന്ന ആരോടും എന്തിനോടും മനുഷ്യനു കോപം ഉണ്ടാകും. ദൈവം നമ്മേക്കാൾ, നിയമത്തിലും, നീതിയിലും, കോപത്തിലും, വിശുദ്ധിയിലും, കരുണയിലും, നന്മയിലും വളരെ വലിയവനാണ്. നാം കൂടുതൽ പാപം ചെയ്യുന്തോറും, അതിനെ കുറിച്ചു നാം കുറച്ചേ അറിയുകയുള്ളൂ എന്നു തോന്നും. പാപം ദൈവത്തിനെതിരാണ് (സങ്കീർത്തനങ്ങൾ 51:4) കൂടാതെ, ഒരർത്ഥത്തിൽ, അതു ദൈവത്തോടു മാത്രം എതിരാണ്.

എങ്ങനെയായാലും, "കോപം" ദൈവത്തിന്റെ അവസാനവാക്കല്ല. "പാപമോചനം" അവസാനത്തേതാണ്. നമുക്കു മാനസാന്തരപ്പെടുവാൻ കഴിയാത്ത ഒരു സമയത്ത്, നാം ക്ഷമിക്കപ്പെടുവാൻ തയ്യാറാകാതെ വരുന്നതാണ്, ക്ഷമിക്കപ്പെടാത്ത പാപം.

**മാനസാന്തരം**

ദൈവം കോപത്തിനു "താമസം" ഉള്ളവൻ ആകുന്നു (സദൃശവാക്യങ്ങൾ 14:29; നെഹെമ്യാവു 9:17; യാക്കൊബ് 1:19). എങ്ങനെയായാലും, മനസ്താപപ്പെടാത്ത ഓരോ പാപിയെയും ഓരോ പാപത്തെയും ശിക്ഷിക്ക തന്നെ ചെയ്യും. പാപികൾക്കു ചെയ്യാവുന്നതു മാനസാന്തരപ്പെടുക എന്നതുമാത്രമാണ്. പാപം സ്വാഭാവികമാണ്. മാനസാന്തരവും സ്വാഭാവികം ആകണം. കുറ്റം കാര്യമായുള്ളതാണ്. പാപം ചെയ്തു മനുഷ്യൻ, ദൈവത്തെ പുറത്താക്കുന്നു. മാനസാന്തരപ്പെട്ടുകൊണ്ടു, മനുഷ്യൻ അവനെത്തന്നെ പുറത്താക്കുന്നു. പാപികൾ പാപത്തിൽ നിന്നും, സ്വാർത്ഥതയിൽ നിന്നും പുറത്തു കടക്കണം. അതുകൊണ്ടു, സുവിശേഷ സന്ദേശം ആദ്യം നമ്മുടെ പാപത്തെ കുറിച്ചും പിന്നെ നമ്മുടെ രക്ഷയെ കുറിച്ചും പറയുന്നു. അനുസരിക്കുവാൻ പ്രയാസമുള്ള കല്പനയാണ് മാനസാന്തരം, പക്ഷെ നാം അതു അനുസരിക്കണം.

ബൈബിളിലെ എല്ലാ ഉപദേഷ്ടാക്കന്മാരും തുടർച്ചയായി ഒരു വിഷയത്തെ പറയുന്നു: "മാനസാന്തരം." യോഹന്നാൻ സ്നാപകൻ ഒരു പ്രസംഗ രൂപരേഖ നല്കുന്നുണ്ട്: "മാനസാന്തരപ്പെടുക അല്ലെങ്കിൽ നാശം." യേശു പ്രസംഗിച്ചു തുടങ്ങിയത്, "മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നാണ് (മർക്കൊസ് 1:15). മാനസാന്തരമില്ലാതെ പാപമോചനം അസാധ്യമാണ്. തെറ്റിപ്പോയ സഭകളോടു യോഹന്നാൻ മാനസാന്തരപ്പെടുവാൻ പറഞ്ഞിരിക്കുന്നു (വെളിപ്പാട് 2; 3). പാപികൾ ദൈവത്തെ അനുവദിച്ചില്ലെങ്കിൽ ദൈവത്തിനു പോലും അവരെ രക്ഷിക്കുവാൻ കഴിയുകയില്ല. ലോകത്തിന് മാനസാന്തരത്തെ സംബന്ധിച്ച് മങ്ങൽ ഏറ്റിരിക്കുകയാണ്. സത്യം, ജ്ഞാനം, മാനസാന്തരം അല്ലെങ്കിൽ അനുസരണം എന്നിവ ഇല്ലാതെയാണ് മതപരമായ സംഘടനകൾ രക്ഷ നല്കുവാൻ ശ്രമിക്കുന്നത്. പാപികൾ ദൈവകോപത്തിൻ കീഴിലാണ്. കല്പനകൾ ഇല്ലാത്ത, കുറഞ്ഞ ആവശ്യങ്ങൾ ഉള്ളവരായിട്ടാണ് ലോകം ക്രിസ്ത്യാനിത്വത്തെ ആഗ്രഹിക്കുന്നത്. അനർഹമായ സ്നേഹത്തെ നിബന്ധനയില്ലാത്ത പാപമോചനവുമായി താരതമ്യപ്പെടുത്തരുത്.

ആരാണ് മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നത്? "മാനസാന്തരം" (ഗ്രീക്ക്.: *മെറ്റാനോയിയ*) രണ്ടാമത്തെ, പുതിയ മനസ്, അല്ലെങ്കിൽ ഒരു മാറിയ മനസ്സാണ്. പെരുമാറ്റങ്ങൾ മാറുന്നതിനു മുൻപു വിശ്വാസങ്ങൾ മാറണം. മാറിയ ജീവിതമാണ് മാനസാന്തരത്തിന്റെ ഫലങ്ങൾ (മത്തായി 3:8).

കൃപയോടുള്ള ഒരു വിശ്വാസ പ്രതികരണം ആണ് മാനസാന്തരം (2 കൊരിന്ത്യർ 7:9, 10; റോമർ 2:4). ഒരു ജോലിക്കാരനാകാമെന്ന തീരുമാനത്തോടെയാണ് മുടിയനായ പുത്രൻ വീട്ടിലേക്കു തിരിച്ചുവന്നത്. പിതാവിന്റെ സ്നേഹം അവന്റെ ജീവിതത്തെയും ഹൃദയത്തെയും മാറ്റി

(ലൂക്കൊസ് 15:17–24). ദൈവം വെറുക്കുന്നതുപോലെ പാപികൾ പാപത്തെ വെറുക്കണം. ക്രിസ്ത്യാനികൾ വിശ്വാസത്തിലും മാനസാന്തരത്തിലുമാണ് ജീവിക്കേണ്ടത്.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]അവന്റെ നീതിയുള്ള കോപത്തിൽ, ആദാമും ഹവ്വയും പാപം ചെയ്തതു കൊണ്ട് അവരെ ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി (ഉല്പത്തി 3:1–24). പാപത്തിലായിരുന്ന ലോകത്തെ ദൈവം വലിയ ജലപ്രളയത്താൽ നശിപ്പിച്ചപ്പോൾ നോഹയും കുടുംബവും മാത്രം ആണ് ശേഷിച്ചത് (ഉല്പത്തി 6:11–7:23). അവരുടെ പാപങ്ങളുടെ ആധിക്യം നിമിത്തം, ദൈവം ദുഷ്ടത നിറഞ്ഞ സോദോമിനെയും ഗൊമോറയെയും നശിപ്പിച്ചു (ഉല്പത്തി 18:20–19:25). വിഗ്രഹാരാധികളായിരുന്ന ബാബേലിനെയും നശിപ്പിച്ചു (യെശയ്യാവ് 21:9). ദൈവത്തോടു വ്യാജം പറഞ്ഞതിനാൽ പുതിയ നിയമത്തിൽ, അനന്യാസും സഫീറയും മരണമടയുകയുണ്ടായി (പ്രവൃത്തികൾ 5:1–10).

© 2009 Truth for Today